പിറവം ഫയർസ്റ്റേഷൻ

93 (3022)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഫയർസ്റ്റേഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) പ്രസ്തുത ഫയർസ്റ്റേഷനിൽ ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങളുണ്ട്; എത്ര വാഹനങ്ങളുണ്ട്;

(സി) ഫയർ സ്റ്റേഷനുവേണ്ടി സ്ഥലമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഫയർസ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്; അവ എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1.7.1979-ൽ

(ബി) പിറവം ഫയർസ്റ്റേഷൻ ഇപ്പോൾ സ്ഥിതിചെയ്യുന്നത് പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിലാണ്. തൽക്കാല ആവശ്യത്തിനായി രണ്ട് ഗ്യാരേജ് ഉണ്ട്. ഇതിനു പുറമെ മൂന്നു ഗ്യാരേജും ഒരു ഓഫീസ് മുറിയും നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്. ടി സ്റ്റേഷനിൽ 2 വാട്ടർ ടെണ്ടറുകളും ഒരു പോർട്ടബിൾ പമ്പും ഉണ്ട്.

(സി) ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്ന് മാറ്റുവാൻ തീരുമാനമെടുത്തിട്ടില്ല.

(ഡി) ഒരു ട്രെയിലർ പമ്പ്, ഒരു വാട്ടർ ലോറി, ആംബുലൻസ്, ജീപ്പ് എന്നിവ ആവശ്യമുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

ആശ്രിത നിയമന വ്യവസ്ഥകൾ

94 (3023)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനുള്ള പുതുക്കിയ ഉത്തരവുപ്രകാരം ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ആശ്രിതർക്കാണ് തൊഴിൽ ലഭിക്കുന്നതിന് അർഹതയുണ്ടാകുക എന്ന് വ്യക്തമാക്കുമോ; പുതുക്കിയ ഉത്തരവിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) പുതുക്കിയ പദ്ധതിയനുസരിച്ച് എൻട്രി കേഡറിലല്ലാതെ ഉയർന്ന കേഡറുകളിൽ സർക്കാർ സർവ്വീസിൽ ആർക്കൊക്കെ ഡയിംഗ് ഇൻ ഹാർനസ് പദ്ധതി വഴി നിയമനം നൽകിയിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കാമോ; സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly